# ജൂൺ 19 - വായനാദിനം

കേരളത്തിന്റെ നാട്ടിൻപുറങ്ങളിൽ അക്ഷരവെളിച്ചം കൊളുത്തിയ മഹാനാണ് പി.എൻ. പണിക്കർ. പുതുവായിൽ നാരായണപ്പണിക്കർ എന്ന പി.എൻ. പണിക്കർ 1909 മാർച്ച് ഒന്നിന് നീലംപേരൂരിലാണ് ജനിച്ചത്. അധ്യാപകനായാണ് അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 'അക്ഷരം അറിവിന്റെ താക്കോൽ' എന്ന് പറഞ്ഞ് അക്ഷരങ്ങളും പുസ്തകങ്ങളുമായി അദ്ദേഹം കേരളക്കരയാകെ ഓടി നടന്നു. പത്തൊൻപതാം വയസ്സിൽ ആരംഭിച്ച ആ സത്പ്രവൃത്തി ജീവിതാന്ത്യം വരെ അദ്ദേഹം തുടർന്നു.

തിരുവിതാംകൂറിലെ ആദ്യ വായനശാലകളിൽ ഒന്നായ സനാതനധർമ്മ വായനശാല നീലമ്പേരൂരിൽ സ്ഥാപിതമായത് പി.എൻ. പണിക്കരുടെ ശ്രമഫലമായാണ്. തിരുവിതാംകൂറിലെ വായനശാലകളെ കൂട്ടിച്ചേർത്ത് 1945 സെപ്റ്റംബർ 16-ന് അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിലവിൽ വന്നു. ഗ്രന്ഥശാലകൾക്ക് സർക്കാരിൽനിന്ന് ഗ്രാന്റ് അനുവദിപ്പിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. തിരു-കൊച്ചി ഏകീകരണം വന്നപ്പോൾ കൊച്ചിയിലെ ലൈബ്രറി വകുപ്പ് ഇല്ലാതായി. എല്ലാ ഗ്രന്ഥശാലകളും പി.എൻ. പണിക്കർ ജനറൽ സെക്രട്ടറിയായ ഗ്രന്ഥശാലാസംഘത്തിൽ ലയിച്ചു. 'വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക' എന്ന ഗ്രന്ഥശാലാസംഘത്തിന്റെ മുദ്രാവാക്യം പി.എൻ. പണിക്കരുടെ സംഭാവനയാണ്.

കാൻഫെഡിന്റെ ആഭിമുഖ്യത്തിലും, പി. എൻ.പണിക്കരുടെ നേതൃത്വത്തിലും ഗ്രാമഗ്രാമാന്തരങ്ങളിൽ നടന്ന സാക്ഷരതാപ്രവർത്തനമാണ് കേരളത്തെ സമ്പൂർണ്ണസാക്ഷരതയിലേക്ക് നയിച്ചത്. 1995 ജൂൺ 19-ന് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തോടുള്ള ആദരസൂചകമായി 1996 മുതൽ ജൂൺ 19 കേരളത്തിൽ വായനാദിനമായി ആചരിച്ചുവരുന്നു. 2017-ൽ, ജൂൺ 19 ദേശീയവായനാദിനമായി പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പി.എൻ. പണിക്കർ കേരളത്തിന് നൽകിയ സംഭാവനകൾ വളരെ വലുതാണ്. എന്നാൽ 'അണ്ണാറക്കണ്ണനെ പോലെ തന്നാലായത് ചെയ്യുന്നു' എന്ന വിനീതഭാവമായിരുന്നു അദ്ദേഹത്തിന്.

വായന, ഒരു കാര്യത്തിൽതന്നെ ദീർഘനേരം ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള നമ്മുടെ ശേഷിയെ വളർത്തുന്നു. വെറും ആറ് മിനിറ്റ് ഒരു പുസ്തകം വായിക്കാൻ തയ്യാറായാൽ നമ്മുടെ മാനസികസമ്മർദ്ദം അറുപതുശതമാനത്തിലധികം കുറയുമെന്ന് പഠനങ്ങൾ പറയുന്നു. വായന മനുഷ്യന്റെ തലച്ചോറിലെ കോശങ്ങൾ തമ്മിലുള്ള ബന്ധം പുതുക്കി ഓർമ്മശക്തിയും ബുദ്ധിശക്തിയും വർദ്ധിപ്പിക്കുമത്രേ. അതുകൊണ്ടുതന്നെ അക്ഷരജ്ഞാനം നേടുന്നതു മുതൽ ജീവിതാന്ത്യം വരെ ഒപ്പം കൂട്ടേണ്ട ഒരു നല്ല ശീലമാണ് വായന എന്നും ഓർക്കേണ്ടതുണ്ട്.

പുതിയ തലമുറ വായനയിൽ നിന്ന് അകലുന്നു എന്നൊരാക്ഷേപം പൊതുവെ ഉണ്ട്. വായനയുടെ പ്രാധാന്യവും ആവശ്യകതയും പുതുതലമുറയെ അറിയിക്കാനും അവരിൽ വായനാശീലം വളർത്താനും ഉള്ള ശ്രമങ്ങൾ എല്ലാവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.